# Weekly Thoughts of December-2015

## The Good News- (സുവാർത്ത...............)

**Week-3**



1849ൽ കാലിഫോർണിയയിൽ സ്വർണ്ണം അന്വേഷിച്ച് നിരവധി ആളുകൾ എത്തിയിരുന്നു. ഒരു മെതഡിസ്റ്റ് സുവിശേഷകനും അവിടെ എത്തി, സ്വർണ്ണം അന്വേഷിച്ചല്ല എന്നു മാത്രം. അവർ അന്വേഷിക്കുന്ന വസ്തുവിനോടുള്ള അമിതസ്നേഹം കണ്ട അദ്ദേഹം ആ അന്വേഷണം വ്യർത്ഥമാണെന്നറിയിക്കുവാൻ ഒരു തന്ത്രം പ്രയോഗിച്ചു. ഒരു വീപ്പയുടെ മുകളിൽ കയറിനിന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു വാർത്ത എന്തെന്നറി യേണ്ടേ? വാർത്ത, സുവാർത്ത എന്തെന്നറിയേണ്ടേ? അവർ അന്വേഷിച്ചെ ത്തിയ വിലയുള്ള വസ്തുവാണ് ആ വാർത്ത എന്നുകരുതി ചുറ്റിനും കൂടിയവർ തിരക്കി.

## What is the Good News?




ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു എന്റെ പക്കൽ നല്ല വാർത്തയുണ്ട്, കേൾക്കുക. ആകാംഷാഭരിതരായി നിൽക്കുന്നവരോട് ഭയലേശ്യമന്യേ വിളിച്ചുപറഞ്ഞു **"Jesus is the Good News".**തുടർന്ന് സ്വർണ്ണത്തേക്കാൾ വിലയുള്ള സുവിശേഷം അദ്ദേഹം അവരോട് അറിയിച്ചു.

ഇന്ന് നമുക്കും ലോകത്തിനു നൽകുവാനുള്ളത് ഈ വാർത്തമാത്രമാണ്. മാനുഷഗണത്തെ അവരുടെ പാപങ്ങളിൽ നിന്നും ഉദ്ധരിക്കുവാൻ മനുഷ്യപുത്രനായി അവതരിച്ച്, മനുഷ്യർക്കുവേണ്ടി , അവരാൽ തന്നെ ക്രൂശിതനായി, എങ്കിലും മരണത്തെ ജയിച്ചുയർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെപ്പറ്റിയത്രെ. ഈ സദ്‌വാർത്ത  ലോകരോടു പറയുവാൻ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഞാനും നിങ്ങളും ബാധ്യസ്ഥരാണ്.

ക്രിസ്തുവിന്റെ സുവിശേഷം എതെങ്കിലും ഒരു വ്യക്തിയിലുണ്ടായ ആശയമല്ല മറിച്ച് മനുഷ്യന്റെ രക്ഷയ്ക്കായി ദൈവം ഒരുക്കിയ പദ്ധതിയാണ്.സുവിശേഷത്തിന്റെ സാർവ്വത്രികത, ഭൂലോകമൊക്കെയും പോയി അറി

യിപ്പീൻ എന്നരുളിയ ജീവന്റെ ഉറവിടമായ യേശുക്രിസ്തുവിന്റെ വാക്കുകളിൽ നിന്ന് ഇതു മനസ്സിലാകുന്നതാണ്.യേശുവിനെ ക്രൂശിൽ തറച്ചശേഷം സുവിശേഷം തീർന്നു എന്നു കരുതിയ സാത്താന്റെ ചിന്തയ്ക്ക് വിപരീതമായി, 'ഇന്നും' ഉയർത്തെഴുന്നേറ്റ് നമ്മോടുകൂടെയുള്ള ക്രിസ്തുവിനെക്കുറിച്ച് പറയുന്നതാണ് നമ്മുടെ സുവാർത്ത. അത് ലോകാവസാനത്തോളം ഉള്ളതത്രെ.

പ്രീയ വിശ്വാസി, **ക്രിസ്തുവിനെ ധരിക്കുക**. എങ്ങനെ ധരിക്കും? ഗലാത്യർ(4:27)ൽ പറയുന്നു 'ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു' ദൈവത്തിന്റെ ഈ ആഗ്രഹത്തോട് എതിർത്തു നിൽക്കുന്നവരാകാതെ അവനെ അനുസരിക്കുക. കഴിഞ്ഞകാലങ്ങളിൽ നമ്മെ സ്നേഹിച്ച, കരുതിയ ദൈവത്തെ എങ്ങനെ അനുസരിക്കാതിരിക്കും.

**"Obedience is our love language to God".**

**Lois Evans.**

ക്രിസ്തുവിനെ ധരിച്ചവർ ധൈര്യത്തോടെ സുവിശേഷം അറിയിക്കുക. പാതാളഗോപുരങ്ങൾ ജയിക്കുകയില്ല.

## പ്രാർത്ഥന

മാനസാന്തരപ്പെട്ട്, സുവിശേഷത്തിൽ വിശ്വസിക്കുവാൻ ഞങ്ങളെ പഠിപ്പിച്ച ദൈവമേ, അങ്ങയുടെ കൃപയ്ക്കായി സ്തോത്രം. ലോകമെങ്ങും അങ്ങയുടെ സാക്ഷികളായിത്തീരുവാൻ അനുവദിക്കേണമേ

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind